2025
DECEMBER
02
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper


വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# യുഎസിലേക്കുള്ള കയറ്റുമതിയിൽ ഇടിവ്

**മുംബൈ:** ഇന്ത്യയുടെ ഏറ്റവും വലിയ വിപണിയായ യുഎസിലേക്കുള്ള കയറ്റുമതിയിൽ വൻ ഇടിവ്. ഇന്ത്യക്കുമേൽ യുഎസ് ചുമത്തിയ ഉയർന്ന ഇറക്കുമതിത്തീരുവയാണ് ഇടിവിനു കാരണം.

ഗ്ലോബൽ ട്രേഡ് റിസർച്ച് ഇനിഷേറ്റിവ് (ജിടിആർഐ) നൽകിയ റിപ്പോർട്ട് അനുസരിച്ച് മേയ് ഒക്ടോബർ മാസങ്ങൾക്കിടയിൽ കയറ്റുമതി 28.5 ശതമാനം കുറഞ്ഞു. 8.83 ബില്യൺ ഡോളറിൽനിന്ന് 6.31 ബില്യൺ ഡോളറിലേക്കു കൂപ്പുകുത്തി.യുഎസിന്റെ തീരുവകളിലുണ്ടായ അതിവേഗ വർധനയെത്തുടർന്നാണ് ഈ ഇടിവുണ്ടായത്. ഏപ്രിൽ രണ്ടിന് 10 ശതമാനത്തിലായിരുന്ന തീരുവ ഓഗസ്റ്റ് ഏഴിന് 25 ശതമാനത്തിലേക്കെത്തി. ഓഗസ്റ്റ് അവസാനത്തോടെ അത് 50 ശതമാനമായും ഉയർന്നു. തീരുവകളുടെ വർധന ഇന്ത്യൻ ഉത്പന്നങ്ങളെ യുഎസിന്റെ വ്യാപാര പങ്കാളികളിൽവച്ച് ഏറ്റവുമധികം തീരുവ ചുമത്തപ്പെടുന്നവയിൽ ഒന്നാക്കി.

ചൈനയ്ക്ക് 30 ശതമാനവും ജപ്പാന് 15 ശതമാനവും തീരുവ ഉള്ളപ്പോഴാണ് ഇന്ത്യയുടെ തീരുവയിൽ യുഎസ് മാറ്റം വരുത്താത്തത്. റിപ്പോർട്ട് അനുസരിച്ച് ഈ കാലയളവിലെ യുഎസിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതിയെ മൂന്ന് തീരുവ വ്യവസ്ഥകളാക്കി തിരിച്ചിരിക്കുന്നു. സ്മാർട്ട് ഫോണുകൾ, ഫാർമസ്യൂട്ടിക്കൽസ്, പെട്രോളിയം ഉത്പന്നങ്ങൾ പോലുള്ള തീരുവ ഒഴിവുള്ളയുടെ ഇനങ്ങൾ ഒക്ടോബറിലെ മൊത്തം കയറ്റുമതിയുടെ 40.3 ശതമാനമായിരുന്നു. എങ്കിലും ഇവയുടെ കയറ്റുമതിയിൽ 25.8 ശതമാനം ഇടിവുണ്ടായിട്ടുണ്ട്. മേയ് മാസത്തെ 3.42 ബില്യൺ ഡോളറിൽ നിന്ന് ഒക്ടോബറിൽ 2.54 ബില്യണിലെത്തി. ഇത് 881 മില്യൺ ഡോളറിന്റെ കുറവാണ്.



പ്രധാനമായും ഇരുമ്പ്, ഉരുക്ക്, അലുമിനിയം, ചെമ്പ്, വാഹനഭാഗങ്ങൾ എന്നിവ ഉൾപ്പെടെ ഒരേ ആഗോള തീരുവ നേരിടുന്ന ഉത്പന്നങ്ങൾ ഒക്ടോബറിലെ മൊത്തം കയറ്റുമതിയുടെ 7.6 ശതമാനം മാത്രമായിരുന്നു. ഈ വിഭാഗങ്ങളുടെ കയറ്റുമതിയിൽ 23.8 ശതമാനം ഇടിവാണുണ്ടായത്. മേയിലെ 629 മില്യൺ ഡോളറിൽനിന്ന് ഒക്ടോബറിൽ 480 മില്യൺ ഡോളറായി കുറഞ്ഞു.

ഇന്ത്യക്കു മാത്രം 50 ശതമാനം തീരുവ നേരിടേണ്ടിവന്ന തൊഴിൽ അധിഷ്ഠിത ഉത്പന്നങ്ങളായ രത്നങ്ങൾ, ആഭരണങ്ങൾ, സോളാർ പാനൽ, ടെക്സ്റ്റൈൽസ്, വസ്ത്രങ്ങൾ, കെമിക്കലുകൾ, കടൽ വിഭവങ്ങൾ എന്നിവയുടെ കയറ്റുമതി കൂപ്പുകുത്തി. ഈ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ 31.2 ശതമാനത്തിൻറെ ഇടിവുണ്ടായി. 4.78 ബില്യൺ ഡോളറിൽനിന്ന് 3.29 ബില്യൺ ഡോളറായി കുറഞ്ഞു. അഞ്ചു മാസത്തിൽ 1.5 ബില്യൺ ഡോളറിന്റെ നഷ്ടമാണുണ്ടായത്.

യുഎസിന്റെ ഉയർന്ന തീരുവയുടെ ആഘാതം തീരുവ രഹിത ഉത്പന്നങ്ങളെയും ബാധിച്ചു. ഇന്ത്യ ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന സ്മാർട്ട് ഫോണുകളിൽ 36 ശതമാനത്തിന്റെ കുറവുണ്ടായി. മേയിലെ 2.29 ബില്യൺ ഡോളറിൽനിന്ന് ഒക്ടോബറിൽ 1.50 ബില്യൺ ഡോളറായി കുറഞ്ഞു. ഫാർമസ്യൂട്ടിക്കൽ ഉത്പന്നങ്ങളുടെ കയറ്റുമതി 1.6 ശതമാനത്തിന്റെയും പെട്രോളിയം ഉത്പന്നങ്ങളുടേത് 15.5 ശതമാനത്തിന്റെയും കുറവുണ്ടായി. ലോഹങ്ങളുടെയും, വാഹന ഭാഗങ്ങൾ എന്നിവയുടെ കയറ്റുമതിയിലും ഇടിവ് നേരിട്ടു. ഇത് ഇന്ത്യയുടെ മത്സരക്ഷമതയിലുണ്ടായ കുറവിനേക്കാൾ യുഎസിലെ വ്യാവസായിക ആവശ്യകത ദുർബലമാകുന്നതിന്റെ സൂചനയാണ്.

## തദ്ദേശതിരഞ്ഞെടുപ്പ്
# സംസ്ഥാനത്ത് 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ

**തിരുവനന്തപുരം:** തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനായി സംസ്ഥാനത്താകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. തിരുവനന്തപുരം-16, കൊല്ലം-16, പത്തനം തിട്ട-12, ആലപ്പുഴ-18, കോട്ടയം-17, ഇടുക്കി-10, എറണാകുളം-28, തൃശൂർ-24, പാലക്കാട്-20, മലപ്പുറം-27, കോഴിക്കോട്-20, വയനാട്-7, കണ്ണൂർ-20, കാസർകോഡ്-9 എന്നിങ്ങനെയാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയിരിക്കുന്നത്. ത്രിതല പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അതത് സ്ഥാപനതലത്തിലുമാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്.

വോട്ടെടുപ്പിന്റെ തലേദിവസം പോളിംഗ് സാധനങ്ങൾ വിതരണം ചെയ്യുന്നതും വോട്ടെടുപ്പിന് ശേഷം അവ തിരികെ വാങ്ങി സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുന്നതും ഇതേ കേന്ദ്രങ്ങളിലാണ്. ജില്ലകളിലെ വോട്ടെടുപ്പ്, വോട്ടെണ്ണൽ നടത്തുന്നത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ്. വോട്ടെടുപ്പിന് വേണ്ട സാധനങ്ങൾ വിതരണം ചെയ്യുന്നതും വോട്ടെടുപ്പിന് ശേഷം അവ സൂക്ഷിക്കുന്നതിന്റെയും മേൽനോട്ടം ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കാണ്. കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി സജ്ജമാക്കേണ്ട ചുമതല അതത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കും മുൻസിപ്പൽ സെക്രട്ടറിയ്ക്കുമാണ്.

കേന്ദ്രങ്ങളിൽ ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങളും തുടർനടപടികൾക്കുള്ള വിശദമായ മാർഗ്ഗരേഖയും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.വോട്ടെടുപ്പ്, വോട്ടെണ്ണൽ കേന്ദ്രങ്ങളിലേയും വിതരണ കേന്ദ്രത്തിലേയും പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നതിൽ ഹരിതച്ചട്ടം കർശനമായി പാലിക്കണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി.സ്ട്രോങ്റൂം, കാൻഡിഡേറ്റ് സെറ്റിങ് കേന്ദ്രം (ഇവിഎം കമ്മീഷനിംഗ്), ഇ ഡ്രോപ്പ്, ട്രെൻഡ് സോഫ്റ്റ്വെയർ വിന്യാസം, ഡാറ്റാ എൻട്രി കേന്ദ്രം, കൺട്രോൾ റൂം എന്നിവ ഈ കേന്ദ്രങ്ങളിൽ പ്രവർത്തിക്കും. ഓരോ വരണാധികാരിക്കും ആവശ്യമായ വെവ്വേറെ വിതരണ, സ്വീകരണ, വോട്ടെണ്ണൽ കേന്ദ്രവും സ്ട്രോങ് റൂമും കേന്ദ്രങ്ങളിലുണ്ടാകും.

# കൊട്ടക്ക് മഹീന്ദ്ര ബാങ്ക് ഓഹരി വിഭജനം പ്രഖ്യാപിച്ചു

**കൊച്ചി:** കൊട്ടക്ക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് 40ാം സ്ഥാപക ദിനത്തിൽ ഓഹരി വിഭജനം (സ്റ്റോക്ക് സ്പ്ലിറ്റ്) പ്രഖ്യാപിച്ചു. ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ച ഈ നടപടിക്ക് നിയന്ത്രണ നിയമാനുസൃത അനുമതികൾ ആവശ്യമാണ്. ബാങ്കിന്റെ 5 രൂപ മുഖവിലയുള്ള ഒരു ഓഹരിയെ ഒരു രൂപ മുഖവിലയുള്ള അഞ്ച് ഓഹരികളായി വിഭജിക്കാനാണ് തീരുമാനം.

ഓഹരി വില താങ്ങാനാവുന്ന നിലയിലേക്ക് കൊണ്ടുവരുന്നതിനും, ഓഹരികളുടെ ലിക്വിഡിറ്റി വർദ്ധിപ്പിക്കുന്നതിനും അതുവഴി റീട്ടെയിൽ നിക്ഷേപകർ ഉൾപ്പെടെയുള്ളവരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ നീക്കമെന്നും ഇത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതാണെന്നും ബോർഡ് ചെയർമാൻ സി.എസ്. രാജനും എം.ഡി ആന്റ് സിഇഒ അശോക് വാസ്വാനിയും വ്യക്തമാക്കി.

# എസ്ഐആർ സമയപരിധി നീട്ടി: കരട് പട്ടിക ഡിസംബർ 16ന്

**തിരുവനന്തപുരം:** എസ്ഐആർ നടപടികളിൽ സമയപരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. കേരളം അടക്കം 12 സംസ്ഥാനങ്ങളിലെ സമയപരിധിയാണ് നീട്ടിയത്. ഇതുസംബന്ധിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് കമ്മിഷണർമാർക്ക് കത്തയച്ചു. പുതിയ ഉത്തരവ് പ്രകാരം ഡിസംബർ 11വരെ ഫോം വിതരണം ചെയ്യാം. ഡിസംബർ 16നായിരിക്കും കരട് പട്ടിക പ്രസിദ്ധീകരിക്കുക. അന്തിമ പട്ടിക ഫെബ്രുവരി 14നും പ്രസിദ്ധീകരിക്കും.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

# ഇന്ത്യ ഇന്റർനാഷണൽ കടൽപായൽ എക്സ്പോ കൊച്ചിയിൽ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ കടൽപായൽ വ്യവസായ സംഗമങ്ങളിൽ ഒന്നായ ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ കടൽപ്പായൽ എക്സ്പോയും ഉച്ചകോടിയും ജനുവരി 29നും 30നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കും. കടൽപ്പായലുകളുടെ സാധ്യതകൾ ആഗോളതലത്തിൽ ചർച്ച ചെയ്യുന്ന സുപ്രധാന വേദിയാണിത്. കടൽപായൽ ഗവേഷണ മൂല്യവർധിത ഉൽപാദന രംഗങ്ങളിൽ രാജ്യങ്ങൾ തമ്മിലുള്ള സഹകരണം, സാങ്കേതിക കൈമാറ്റം, അന്താരാഷ്ട്ര വിപണി എന്നിവ ലക്ഷ്യമിട്ടാണ് പരിപാടി.

ലാറ്റിനമേരിക്ക, ദക്ഷിണേഷ്യ, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ എക്സ്പോയിൽ പങ്കെടുക്കും. ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, സിഎംഎഫ്ആർഐ, സെൻട്രൽ സാൾട്ട് മറൈൻ കെമിക്കൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംയുക്തമായാണ് എക്സ്പോ സംഘടിപ്പിക്കുന്നത്. വ്യവസായ പ്രദർശനത്തിന് പുറമെ, വിവിധ വിഷയങ്ങളിൽ വിദഗ്ധർ നയിക്കുന്ന ചർച്ചകളുണ്ടാകും. 'സീവീഡ് 2030' എന്ന പേരിൽ നടക്കുന്ന പാനൽ ചർച്ചയാണ് കടൽപായൽ ഉച്ചകോടിയിലെ പ്രധാന ആകർഷണം. കടൽപായൽ ഉൽപാദനത്തിലും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും ഇന്ത്യയെ ആഗോള ശക്തിയാക്കി മാറ്റുന്നതിനുള്ള ദേശീയ രൂപരേഖ പാനൽ ചർച്ചയിൽ അവതരിപ്പിക്കും. നയരൂപീകരണ വിദഗ്ധർ, വ്യവസായ പ്രമുഖർ, ശാസ്ത്രജ്ഞർ, അന്താരാഷ്ട്ര നിക്ഷേപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർ ഉച്ചകോടിയിൽ ഒത്തുചേരും.

വിവിധ സെഷനുകളിൽ നടക്കുന്ന ചർച്ചകളിൽ, ഇന്ത്യയുടെ കടൽപ്പായൽ മൂല്യശൃംഖല വികസനം, തീരദേശ ജനതയുടെ ഉപജീവനമാർഗം, ബ്ലൂ ഇക്കോണമി എന്നിവക്ക് ഊന്നൽ നൽകും. കടൽപായൽ വ്യവസായരംഗത്ത് പുതിയ നിക്ഷേപങ്ങൾക്ക് എക്സ്പോ വഴിതുറക്കുമെന്നാണ് കരുതുന്നത്. പതിനൊന്നായിരം കിലോമീറ്ററിലധികം തീരപ്രദേശവും വിശാലമായ സമുദ്ര ജൈവവൈവിധ്യവുമുള്ള ഇന്ത്യക്ക് കടൽപ്പായൽ കൃഷിസംസ്കരണവ്യവസായ രംഗത്ത് വലിയ സാധ്യതകളാണുള്ളത്.

# സംസ്കൃത സർവ്വകലാശാലയിൽ ദ്വിദിന ദേശീയ സംഗീത സെമിനാർ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ സംഗീത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ അഞ്ച്, ആറ് തീയതികളിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ സംഘടിപ്പിക്കുന്ന സെമിനാറിന്റെ വിഷയം 'രാഗങ്ങളുടെ സൗന്ദര്യശാസ്ത്രം' എന്നാണ്. ഡിസംബർ അഞ്ചിന് രാവിലെ പത്തിന് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ദ്വിദിന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യും. സംഗീതജ്ഞൻ ആർ. കെ. ശ്രീരാംകുമാർ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. ഡോ. മാലിനി ഹരിഹരൻ അദ്ധ്യത വഹിക്കും. ഡോ. മഞ്ജു ഗോപാൽ, ഡോ. കെ. എം അബു, ഡോ. ടി. ജി ജ്യോതിലാൽ, ഡോ. കെ. പ്രീതി എന്നിവർ പ്രസംഗിക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് ഡോ. എൻ. ജെ നന്ദിനിയുടെ നേതൃത്വത്തിൽ സംഗീത കച്ചേരി ഉണ്ടായിരിക്കും. ആറിന് രാവിലെ 9.30ന് തമിഴ്നാട് കേന്ദ്ര സർവ്വകലാശാലയിലെ മ്യൂസിക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. വി. ആർ. ദിലീപ്കുമാർ മുഖ്യപ്രബന്ധം അവതരിപ്പിക്കും. ഡോ. എൻ. പ്രിയദർശിനി, ശരത്ചന്ദ്ര ബോസ്, ടി. സുന്ദർ ദാസ് , പി. എസ് അജിത് കുമാർ, എം. ആർ മാളവിക നായർ , അനന്തു മുരളി, വാണി വേണുഗോപാൽ, പെട്രീസ സാബു, എസ്. ഗോപിക എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഡോ. ലോല കേശവൻ അദ്ധ്യക്ഷ യായിരിക്കും. ഡോ. കെ. അരവിന്ദാക്ഷൻ സമാപന സന്ദേശം നൽകും. ഉച്ചകഴിഞ്ഞ് രണ്ടിന് വിവേക് പി. മൂഴിക്കുളത്തിന്റെ നേതൃത്വത്തിൽ സംഗീത കച്ചേരി നടക്കും.



# സ്കൂൾ കായിക മത്സരങ്ങൾ നന്മയിൽ വളരുവാൻ വിദ്യാർത്ഥികളെ സഹായിക്കും: ജോസ് മാവേലി

**കൊച്ചി:** ആലുവ തോട്ടുമുഖം ശിവഗിരി വിദ്യാനികേതൻ സ്കൂളിൽ സ്പോട്സ് മീറ്റ് 2025 സംഘടിപ്പിച്ചു. അദ്വൈതാശ്രമം സെക്രട്ടറിയും സ്കൂൾ മാനേജരുമായ സ്വാമി ധർമ്മ ചൈതന്യ സ്പോട്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. മാസ്റ്റേഴ്സ് അത്‌ലറ്റിക് ദേശീയ ചാമ്പ്യനും ജനസേവ ശിശുഭവൻ ചെയർമാനുമായ ജോസ് മാവേലി മുഖ്യാതിഥിയായി പങ്കെടുത്തു. ചിട്ടയായ ജീവിതത്തിലൂടെ ആരോഗ്യപരിപാലനം ലഹരിയായി കണ്ട് യുവതലമുറ മറ്റ് ലഹരികളുടെ പുറകെ പോകാതെ മത്സരബുദ്ധിയോടെ നൻമയിൽ വളരാൻ സ്കൂൾ കായിക മേളകൾ കുട്ടികൾക്ക് കൂടുതൽ സഹായകരമാണെന്നും ജോസ് മാവേലി പറഞ്ഞു.

പൗരാണികകാലം മുതൽ കായികപരിശീലനത്തിന് പ്രാധാന്യം നൽകിയിരുന്നെന്ന് ആയോധനകലകളെയും വേദങ്ങളെയും പരാമർശിച്ചു കൊണ്ട് സ്വാമി ധർമ്മ ചൈതന്യ വിശദീകരിച്ചു.

ഉദ്ഘാടന ചടങ്ങിൽ പ്രിൻസിപ്പൽ അശ്വതി, ഹെഡ്മിസ്ട്രസ് ബീന ഡൊമിനിക്ക്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സുജി പ്രസാദ് തുടങ്ങിയവർ പ്രസംഗിച്ചു. സ്കൂൾ സ്പോർട്സ് ക്യാപ്റ്റൻ നിഹാൽ മുഹമ്മദ് പ്രതിജ്ഞാവാചകം ചൊല്ലികൊടുത്തു. ഹൗസ് ക്യാപ്റ്റൻമാരായ രോഹൻ ബാബു, ഫർസീൻ അഹമ്മദ്, മുഹമ്മദ് റയാൻ, അനന്തു കെ.പി തുടങ്ങിയവർ ഓരോ ഹൗസുകളുടെയും മാർച്ച് പാസ്റ്റിന് നേതൃത്വം നൽകി.

ഈ അധ്യയനവർഷത്തെ കായികപ്രതിഭകൾ കൊളുത്തിയ ദീപശിഖ ദേശീയ മാസ്റ്റേഴ്സ് ചാമ്പ്യൻ ജോസ് മാവേലി സ്വീകരിച്ച് ഹെഡ് ഗേൾ അനന്യ ശ്രീജിത്തിന് കൈമാറി. ചടങ്ങിൽ കായികാധ്യാപിക ഷാമിലി കൃഷ്ണൻ നന്ദി പറഞ്ഞു.



# ബിനാലെ ആഘോഷമാക്കി തമിഴ് തൊഴിലാളികൾ

**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെ (കെ.എം.ബി.) വേദികളെ ലോകനിലവാരത്തിൽ നിലനിറുത്തുന്നത് പതിനഞ്ചോളം തമിഴ് കുടുംബങ്ങളാണ്. ബിനാലെ വേദികൾ വൃത്തിയാക്കുന്ന ജോലി സ്ഥിരമായി ലഭിക്കുന്ന കുടുംബങ്ങളാണിവർ.

ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി എന്നിവിടങ്ങളിലെ വേദികളിൽ ആദ്യ (2012) ബിനാലെ മുതൽ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത് തമിഴ്നാട്ടിൽ നിന്നുള്ള ഈ കുടുംബങ്ങളാണ്. ഇടയ്ക്ക് ഒരെണ്ണം മാത്രമാണ് എനിക്ക് നഷ്ടപ്പെട്ടതെന്ന് ഈ സംഘത്തിലെ പ്രധാനിയായ അശോകൻ ആന്റണി പറയുന്നു. ഓരോ ബിനാലെയുടെയും ആറു മാസത്തെ മുന്നൊരുക്കങ്ങൾ കുടുംബങ്ങൾക്ക് ആഘോഷത്തിന്റെ സമയമാണെന്ന് അരനൂറ്റാണ്ട് മുൻപ് ജോലി തേടി തിരുച്ചിറപ്പള്ളിയിൽ നിന്ന് കൊച്ചിയിലേക്ക് കുടിയേറിയ അദ്ദേഹം പറഞ്ഞു. ബിനാലെ തുടങ്ങാറായാൽ പിന്നെ ദിവസക്കൂലിക്ക് വേണ്ടിയുള്ള ജോലി കണ്ടെത്താൻ വിഷമിക്കേണ്ടതില്ല. ബിനാലെ വേദികളിൽ അകത്തും പുറത്തുമുള്ള എല്ലാത്തരം ശുചീകരണ ജോലികളും ചെയ്യും. ഈ കലാവിരുന്നിന്റെ110 ദിവസത്തെ പ്രദർശനം അവസാനിക്കുന്നതുവരെ അശോകന്റെ കുടുംബവും മറ്റ് തൊഴിലാളികളും വേദികളിൽ ജോലിയിൽ തുടരും. ശുചിമുറികൾ വൃത്തിയാക്കലിനു പുറമെ മരപ്പണി, കല്ലുവെട്ട്, തറ കെട്ടൽ, വെൽഡിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ, പെയിന്റിംഗ് ജോലികൾ എന്നിവയിൽ നിന്നുള്ള അവശിഷ്ടങ്ങളും ഇവരാണ് നീക്കം ചെയ്യുന്നത്. അശോകന്റെ മകൾ നോട്ട്ബുക്കിൽ എല്ലാ ദിവസവും ചെയ്ത ജോലികൾ രേഖപ്പെടുത്തും. ഈ സമയമാകുമ്പോൾ അശോകന്റെ രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും തിരുച്ചിറപ്പള്ളിയിൽ നിന്ന് ജോലിക്കായി ഇവിടെയെത്തും. ജനുവരി ഒന്നിന് അശോകന്റെ ജന്മദിനാഘോഷങ്ങൾ പ്രധാന വേദിയായ ആസ്പിൻവാൾ ഹൗസിൽ വച്ചാണ് നടത്തുന്നതെന്നും അടുത്ത വർഷം പുതുവത്സര ദിനത്തിൽ 66 വയസ്സ് തികയുന്ന അശോകൻ പറഞ്ഞു.

വിലയേറിയതും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതുമായ വസ്തുക്കളാൽ നിറഞ്ഞിരിക്കുന്നതാണ് ബിനാലെ വേദികളെന്ന് അശോകൻ ചൂണ്ടിക്കാട്ടി. അതിനാൽ തന്നെ എപ്പോഴും ശ്രദ്ധാലുവായിരിക്കണം. ബിനാലെ ഫൗണ്ടേഷന് ഞങ്ങളിലുള്ള വിശ്വാസം വലിയ പ്രചോദനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# ഇന്റർ സ്കൂൾ ചെസ് ടൂർണമെന്റ്: പ്രഭാത് പബ്ലിക്ക് സ്കൂൾ ജേതാക്കൾ

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ റോയൽസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓൾ കേരള ഇന്റർസ്കൂൾ ചെസ് ടൂർണമെന്റിൽ ഏറ്റവുമധികം പോയിന്റുകൾ നേടി പ്രഭാത് പബ്ലിക് സ്കൂൾ വിജയം നേടി. റോയൽ ഗംബിറ്റ് സീസൺ 3 സീസ്കാര പബ്ലിക് സ്കൂളിൽ നടന്ന ചടങ്ങിൽ 1300ലധികം വിദ്യാർഥികളാണ് പങ്കെടുത്തത്. റോട്ടറി ഡിസ്ട്രിക്ട് 3205 ഗവർണർ ഡോ. ജി എൻ രമേശ്, റോട്ടറി കൊച്ചിൻ റോയൽസ് പ്രസിഡന്റ് ഗോപി കൃഷ്ണ, സെക്രട്ടറി അരുൺ ജോർജ്, ഡിസ്ട്രിക്ട് ഡയറക്ടർ സുദിൻ വിലങ്ങാടൻ, എറണാകുളം ചെസ് അസോസിയേഷൻ പ്രസിഡന്റ് അമീർ, സീസ്കാര സ്കൂൾ പ്രിൻസിപ്പൽ ഡോ. സ്വാമിനാഥൻ, മാർക്കറ്റിംഗ് ഹെഡ് കോശി തോമസ്, അസിസ്റ്റന്റ് ഗവർണർ സീജോ തോമസ്, ഏഷ്യാനെറ്റ് ന്യൂസ് വൈസ് പ്രസിഡന്റ് ഉണ്ണികൃഷ്ണൻ, ഫൗണ്ടേഷൻ ചെയർ ഡോ. ബിബു ജോർജ് എന്നിവർ പങ്കെടുത്തു.

ചീഫ് ആർബിറ്റർ ശുഭ രാകേഷിന്റെ നേതൃത്വത്തിൽ നടന്ന റോയൽ ഗംബിറ്റിൽ നിന്ന് ലഭിച്ച വരുമാനം ടൈപ്പ് വൺ ഡയബറ്റിക്ക് ബാധിച്ച് ബുദ്ധിമുട്ടുന്ന കുട്ടികൾക്കുള്ള ഇൻസുലിൻ പമ്പുകൾ നൽകാൻ റോട്ടറി കൊച്ചിൻ റോയൽസിന്റെ ഗ്ലോബൽ ഗ്രാന്റ് പ്രോജക്ട് 'ഡയബറ്റ്ഈസ്' പദ്ധതിക്കാണ് വിനിയോഗിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അമീബിക് മസ്തിഷ്കജ്വരം

# ജാഗ്രത വേണം: ആരോഗ്യവകുപ്പ്

**ആലപ്പുഴ:** തണ്ണീർമുക്കം സ്വദേശിയായ പത്ത് വയസ്സുകാരൻ അമീബിക് മെനിൻജോ എൻസഫലൈറ്റിസ് രോഗം സ്ഥിരീകരിച്ച് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സാഹചര്യത്തിൽ, ജില്ലയിൽ ജാഗ്രത അനിവാര്യമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) അറിയിച്ചു.

നീർച്ചാലിലോ കുളത്തിലോ കുളിക്കുന്നത് വഴി അമീബ വിഭാഗത്തിൽപ്പെടുന്ന രോഗാണുക്കൾ മൂക്കിലൂടെ പ്രവേശിച്ച് തലച്ചോറിൽ എത്തി തലച്ചോറിനെ ഗുരുതരമായി ബാധികുന്ന എൻസഫലിറ്റിസ് ഉണ്ടാക്കാനിടയാക്കുന്നു. മലിനമായ വെള്ളക്കെട്ടുകളിലും മറ്റു ജലസ്രോതസ്സുകളിലും രോഗകാരിയായ നെഗ്ലേറിയ ഫൗളേരി അക്കാന്തമീബ ഉണ്ടാകാനിടയുണ്ട്. മൂക്കിൽ നിന്ന് നേരിട്ട് തലച്ചോറിലേക്ക് പോകുന്ന നാഡികൾ വഴി തലച്ചോറിൽ എത്തുന്ന രോഗാണു തലച്ചോറിന് ചുറ്റുമുള്ള ആവരണത്തെ ആക്രമിക്കുകയും തലച്ചോറിൽ നീർവീക്കം ഉണ്ടാക്കുകയും

തലച്ചോറിലെ കലകളെ നശിപ്പിക്കുകയും ചെയ്യുന്നു. ശരീരത്തിൽ പ്രവേശിച്ച് കഴിഞ്ഞ് അഞ്ചു മുതൽ 12 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ ഉണ്ടാകുന്നു. സാധാരണ മസ്തിഷ്ക ജ്വരത്തിന്റെ ലക്ഷണങ്ങളാണ് ഉണ്ടാകുന്നതെങ്കിലും രോഗകാരണം അമീബയാണെങ്കിൽ അസുഖം പെട്ടെന്ന് മൂർച്ഛിക്കുകയും ലക്ഷണങ്ങൾ തീവ്രമാകാനും മരണത്തിന് കാരണമാകാനും ഇടയുണ്ട്.

പനി, തലവേദന, ഓക്കാനം, ഛർദ്ദി, അപസ്മാരം, ബോധം നഷ്ടപ്പെടുക, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട്/വേദന, നടുവേദന എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. തുടർന്ന് പരസ്പര ബന്ധമില്ലാത്ത സംസാരിക്കുക, ബോധക്ഷയം, തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകാം. ആരംഭത്തിൽ എത്രയും പെട്ടെന്ന് ഡോക്ടറെ കണ്ട് ചികിത്സ തേടുക. മരുന്നു കഴിച്ചിട്ടും മാറാത്ത പനിയും മറ്റു ലക്ഷണങ്ങളും ഉണ്ടെങ്കിൽ കൂടുതൽ വിദഗ്ധ ചികിത്സ തേടുകയും വേണം. ലക്ഷണങ്ങൾ ഉള്ളവർ കുളത്തിലോ മറ്റ് ജലാശയങ്ങളിലോ അടുത്തകാലത്ത് കുളിക്കുകയോ വെള്ളം മൂക്കിൽ കയറുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

**പ്രതിരോധശീലങ്ങൾ കർശനമായി പാലിക്കുക**

വൃത്തിയില്ലാത്ത കുളങ്ങൾ, ജലാശയങ്ങൾ, അടിത്തട്ട് ഇളക്കി മറിച്ച വെള്ളക്കെട്ടുകൾ, ക്ലോറിനേഷൻ നടത്താത്ത സ്വിമ്മിങ് പൂളുകൾ എന്നിവയിൽ കുളിക്കുകയോ നീന്തുകയോ മുങ്ങാംകുഴി ഇടുകയോ മുഖം കഴുകുകയോ ചെയ്യരുത്. ഉഷ്ണമേഖലാ പ്രദേശങ്ങളിലെ ശുദ്ധജല സ്രോതസ്സുകളിലും അമീബയുടെ സാന്നിധ്യം ഉണ്ടാകാമെന്നതിനാൽ മുങ്ങിക്കുളിക്കുന്നവർ മൂക്കിൽ വെള്ളം കയറാതിരിക്കാനായി വിരലുകൾ ഉപയോഗിച്ച് മൂക്ക് അടച്ചു പിടിക്കാൻ ശ്രദ്ധിക്കുക.

നീന്തുമ്പോൾ വെള്ളം മൂക്കിലൂടെ അകത്തേക്ക് കടക്കാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതാണ്. നോസ് പ്ളഗ്ഗ്കൾ ഉപയോഗിക്കുകയും മൂക്കിലൂടെ വെള്ളം കടക്കാത്ത രീതിയിൽ തല ഉയർത്തി പിടിക്കുകയോ ചെയ്യുക.

നീന്തൽ പരിശീലന കേന്ദ്രങ്ങളിലെ നീന്തൽ കുളങ്ങൾ ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന പ്രകാരം ക്ലോറിനേറ്റ് ചെയ്തിട്ടുള്ളതാണെന്ന് ഉറപ്പുവരുത്തുക. നീന്തൽ പരിശീലനത്തിൽ ഏർപ്പെടുന്നവർ നോസ് പ്ലഗുകൾ ധരിക്കേണ്ടതാണ്.

വാട്ടർ തീം പാർക്കുകൾ, ബയോറിസർവുകൾ തുടങ്ങി വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുമ്പോൾ സുരക്ഷ ഉറപ്പാക്കുക.

ആചാര അനുഷ്ഠാനങ്ങളിൽ ഏർപ്പെടുന്നവരും പരമ്പരാഗത ചികിത്സാ രീതികളുമായി ബന്ധപ്പെട്ടും മൂക്കിലും മറ്റും വെള്ളം കയറാനിടയാക്കുന്ന പ്രവർത്തികൾ റിസ്ക് വർധിപ്പിച്ചേക്കുമെന്നുള്ളതിനാൽ അതീവ ശ്രദ്ധ പുലർത്തുക. ജില്ലയിൽ രോഗം സംശയിക്കുന്ന നിലയ്ക്ക് റിസ്ക് കൂടിയ സാഹചര്യങ്ങൾ ഒഴിവാക്കുന്നതാണ് ഏറ്റവും നല്ലത്. ചെറുകുളങ്ങളിലും കെട്ടിനിൽക്കുന്ന വെള്ളത്തിലും കുളിക്കാനും കളിക്കാനും ഇറങ്ങുന്നില്ല എന്ന് അധ്യാപകരും രക്ഷകർത്താക്കളും ഉറപ്പാക്കുക. വീടുകളിലെയും സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലെയും ജലസ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണമെന്ന് ജില്ല മെഡിക്കൽ ഓഫീസർ അറിയിച്ചു.



# ധാതുമണലിൽ നിന്ന് മൂല്യവർധിത ഉൽപന്നങ്ങൾ: കേരളവും തമിഴ്നാടും കൈകോർക്കുന്നു

**ചവറ:** തമിഴ്നാട് തീരങ്ങളിലെ ധാതുമണൽ ഖനനം ചെയ്ത് മൂല്യവർധിത ഉൽപന്നങ്ങളാക്കുന്നതിനു കേരളവും തമിഴ് നാടും കൈകോർക്കുന്നു. ഇതു സംബന്ധിച്ചു മന്ത്രി പി.രാജീവും തമിഴ്നാട് വ്യവസായ മന്ത്രി ഡോ. ടി.ആർ.ബി രാജയുടെ സാന്നിധ്യത്തിൽ പ്രാഥമിക ചർച്ചകൾ നടന്നു.

തമിഴ്നാട്ടിൽ ലഭ്യമായ വിഭവശേഷി കേരളത്തിന്റെ സാങ്കേതിക വൈദഗ്ധ്യവുമായി സമന്വയിപ്പിക്കുകയാണ് ലക്ഷ്യം. ടൈറ്റാനിയം ഡയോക്സൈഡ് നിർമാണത്തിലെ അസംസ്കൃത വസ്തുവായ ഇൽമനൈറ്റ് തമിഴ്നാട്ടിൽ നിന്നു ലഭ്യമാക്കുന്നതിന് മുന്നോട്ടു വയ്ക്കുന്ന പദ്ധതികൾ സാമ്പത്തികമായി ലാഭകരമാണെന്ന് കെഎംഎംഎൽ വിലയിരുത്തിയിരുന്നു.

ഖനനവും മൂല്യവർധനവും തമിഴ്നാടിന്റെ അതിർത്തിക്കുള്ളിൽ തന്നെ നടക്കണമെന്ന നിർദേശം തമിഴ്നാട് മുന്നോട്ടുവച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ മണൽ ഖനനത്തിന് കെഎംഎംഎല്ലിന് കേന്ദ്രാനുമതിക്കും ഭൂമി അനുവദിക്കുന്നതിനും തമിഴ്നാട് സർക്കാരിനോട് കമ്പനി സഹായം അഭ്യർഥിച്ചു. ധാതു ഖനനത്തിന് പുറമേ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള ഭരണ നിർവഹണം, ഇവി എക്കോ സിസ്റ്റം, ടൂറിസം, സാങ്കേതിക മേഖലകൾ തുടങ്ങിയവയിലെ സഹകരണവും ചർച്ചയുടെ ഭാഗമായി.

മന്ത്രിമാർക്കൊപ്പം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, തമിഴ്നാട് പ്രിൻസിപ്പൽ സെക്രട്ടറി വി.അരുൺ റോയി, കെഎംഎംഎൽ എംഡി പി. പ്രദീപ് കുമാർ, മിനറൽ സെപ്പറേഷൻ പ്ലാന്റ് ഹെഡ് ടി.കാർത്തികേയൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## കയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു

**തൃശ്ശൂർ:** കളക്ടറേറ്റിലെ ജീവനക്കാരുടെ കലാ സാഹിത്യ സൃഷ്ടികൾ ഉൾക്കൊള്ളിച്ച കയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു. ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ സബ് കളക്ടർ അഖിൽ വി മേനോന് നൽകിയാണ് മാസികയുടെ പ്രകാശനം നിർവഹിച്ചത്. കളക്ടറേറ്റ് ജീവനക്കാരുടെ കഥകളും കവിതകളും വരകളുമായി തൊഴിൽ സമ്മർദ്ദങ്ങളിൽ നിന്നുള്ള മാനസിക സന്തോഷവും കലാ പ്രതിഭകൾക്കുള്ള അംഗീകാരവുമാവുകയാണ് ഇതൾക്കൂട്ട് കയ്യെഴുത്ത് മാഗസിൻ. വിവിധ വകുപ്പുകളിലെ ജീവനക്കാരിൽ നിന്നും ശേഖരിച്ച രചനകൾ കോർത്തിണക്കി മാഗസിൻ തയ്യാറാക്കുന്നതിന് കളക്ടറുടെ ഇന്റേൺ ടീം നേതൃത്വം നൽകി. ഔദ്യോഗിക ഭാഷാ വാരാചരണത്തോടനുബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസ് സംഘടിപ്പിച്ച ഉപന്യാസ രചനാ മത്സരത്തിൽ വിജയികളായ ജോഷി ജോസ്, ടി എൻ വിനിത എന്നിവർക്കുള്ള സമ്മാനവിതരണവും ജില്ലാ കളക്ടർ നിർവഹിച്ചു.

ചടങ്ങിൽ സബ് കലക്ടർ അഖിൽ വി മേനോൻ, അസിസ്റ്റന്റ് കളക്ടർ സ്വാതി മോഹൻ റാത്തോഡ്, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ കെ കൃഷ്ണകുമാർ, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ കെ ജി പ്രാൺ സിംഗ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി കെ വേലായുധൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പി എം ബാലകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

## കൈറ്റ് ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ കോഴിക്കോട് ജില്ലയിലെ ഏഴ് സ്കൂളുകൾ

**കോഴിക്കോട്:** കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സംഘടിപ്പിക്കുന്ന ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോയുടെ നാലാം എഡിഷന്റെ പ്രാഥമിക പട്ടികയിൽ ജില്ലയിൽനിന്ന് ഏഴ് സ്കൂളുകൾ ഇടംപിടിച്ചു. സംസ്ഥാന തലത്തിൽ 85 വിദ്യാലയങ്ങളാണ് മാറ്റുരക്കുക.

എം.ജെ.വി.എച്ച്.എസ്.എസ് വില്യാപ്പള്ളി, കാലിക്കറ്റ് ഗേൾസ് എച്ച്.എസ്.എസ്, ജി.എച്ച്.എസ്.എസ് കൊടുവള്ളി, എം.കെ.എച്ച്.എം.എം.ഒ.വി.എച്ച്.എസ്.എസ് ഗേൾസ് മുക്കം, ജി.എഫ്.യു.പി.എസ് കൊടുവള്ളി, എ.യു.പി.എസ് മുണ്ടക്കര, ജി.യു.പി.എസ് കൊടൽ എന്നീ വിദ്യാലയങ്ങളാണ് ജില്ലയിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടത്.

സ്കൂളുകൾ നടത്തുന്ന ക്രിയാത്മകവും മാതൃകാപരവുമായ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും അത് മറ്റു വിദ്യാലയങ്ങൾക്ക് കൂടി പങ്കുവെച്ച് പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയുമാണ് റിയാലിറ്റി ഷോയിലൂടെ ലക്ഷ്യമിടുന്നത്.

പരിപാടിയുടെ ഫ്ളോർ ഷൂട്ട് ഡിസംബർ 20ന് തിരുവനന്തപുരത്തെ കൈറ്റ് സ്റ്റുഡിയോയിൽ ആരംഭിക്കും. അവസാന റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന പത്ത് സ്കൂളുകൾക്കും വിജയികൾക്കും ഫെബ്രുവരിയിൽ നടക്കുന്ന ഗ്രാന്റ് ഫിനാലെയിൽ പ്രത്യേക അവാർഡുകൾ സമ്മാനിക്കും.

## വാഹന ലേലം

**കോഴിക്കോട്:** കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും ജില്ലാ സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചതുമായ 14 വർഷം പൂർത്തിയായ ഏഴ് വകുപ്പുതല വാഹനങ്ങളുടെ പുനർലേലം എം.എസ്.ടി.സി ലിമിറ്റഡ് മുഖേന ഡിസംബർ നാലിന് രാവിലെ 11 മുതൽ വൈകിട്ട് 4.30 വരെ ഓൺലൈനായി നടക്കും.

പങ്കെടുക്കുന്നവർ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. ലേല തീയതിക്ക് മുമ്പുള്ള പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ കോഴിക്കോട് സിറ്റി സായുധസേന കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടെ വാഹനങ്ങൾ പരിശോധിക്കാം. ഫോൺ: 0495 2722673.

## ടെണ്ടർ ക്ഷണിച്ചു

**കോഴിക്കോട്:** ജില്ലാ സാമൂഹിക നീതി ഓഫീസിൽ ആർ.ആർ.ടി പദ്ധതിയിൽ ഒരു വർഷത്തേക്ക് എ.സി കാർ വാടകക്ക് നൽകാൻ ടെണ്ടർ ക്ഷണിച്ചു.

ഇന്ധനം, ഡ്രൈവറുടെ വേതനം, ഇൻഷുറൻസ്, ടാക്സ്, അറ്റകുറ്റപ്പണി എന്നിവയുടെ ചെലവ് ഉടമ വഹിക്കണം. വാഹനം 2018നോ ശേഷമോ രജിസ്റ്റർ ചെയ്തതാകണം. ആർ.സി ബുക്ക്, ടാക്സ് പെർമിറ്റ്, ഇൻഷുറൻസ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കണം.

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി: ഡിസംബർ 15 ഉച്ച രണ്ട് മണി. ഫോൺ: 0495 2371911.





# രാജേഷ് അമനകര ഒരുക്കിയ കല്യാണമരം ചിത്രീകരണം പൂർത്തിയായി

മീരാ വാസുദേവ്, ആതിര പട്ടേൽ, ദേവനന്ദ ജിബിൻ, ധ്യാൻ ശ്രീനിവാസൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മറിയം സിനിമാസിന്റെ ബാനറിൽ സംവിധായകൻ രാജേഷ് അമനകര ഒരുക്കുന്ന ഫാമിലി എൻറർടെയ്നറായ കല്യാണമരത്തിന്റെ ചിത്രീകരണം പൂർത്തിയായി.

പാലാ, തെടുപുഴ,മുളന്തുരുത്തി തുടങ്ങിയ പ്രദേശങ്ങളിലായിരുന്നു ചിത്രീകരണം. വ്യത്യസ്തമായ ഒരു കുടുംബകഥ പറയുന്ന സിനിമയാണ് കല്യാണമരം. നർമ്മത്തിൽ ചാലിച്ച് കുടുംബ ബന്ധങ്ങളുടെ കഥ പറയുന്ന ഈ ചിത്രം എല്ലാ പ്രേക്ഷകരെയും ഏറെ രസിപ്പിക്കുന്നതാണ്.ധ്യാൻ ശ്രീനിവാസൻ, മീരാ വാസുദേവ്, ആതിരാ പട്ടേൽ, ദേവനന്ദ ജിബിൻ, പ്രശാന്ത് മുരളി, മനോജ് കെ.യു, പ്രബിൻ ബാലൻ, നസീർ കുത്തു പറമ്പ്, അമൽ രാജ് ദേവ്, ഓമനയമ്മ. തുടങ്ങിയവരാണ് ചിത്രത്തിലെ അഭിനേതാക്കൾ നിർമ്മാതാവായ സജി കെ.ഏലിയാസ് പരിസ്ഥിതി പ്രവർത്തകന്റെ വേഷത്തിലും സിനിമയിൽ എത്തുന്നുണ്ട്. നിർമ്മാണം സജി കെ ഏലിയാസ്. ക്യാമറ രജീഷ് രാമൻ, കഥ വിദ്യ രാജേഷ്, സംഭാഷണം പ്രദീപ് കെ നായർ, പ്രൊഡക്ഷൻ കൺട്രോളർ ഷാജി പട്ടിക്കര, കലാസംവിധാനം സഹസ് ബാല, എഡിറ്റിംഗ് രതിൻ രാധാകൃഷ്ണൻ, സംഗീതം അജയ് ജോസഫ്, ഗാനരചന സന്തോഷ് വർമ്മ, മേക്കപ്പ് റഹീം കൊടുങ്ങല്ലൂർ, വസ്ത്രാലങ്കാരം രാധാകൃഷ്ണൻ മങ്ങാട്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് നസീർ കുത്തുപറമ്പ്, പി ആർ ഒ പി ആർ സുമേരൻ, ചീഫ്അസോസിയേറ്റ് ഡയറക്ടർ പ്രതീഷ് കൃഷ്ണ, ക്രിയേറ്റീവ് ഡയറക്ടർ നിഖിൽ പ്രേംരാജ്,അസോസിയേറ്റ് ഡയറക്ടർ എം എസ് നിതിൻ,അസിസ്റ്റന്റ് ഡയറക്ടർമാർ അർജുൻ കേശവൻ ബാബു,നിഹാൽ. സ്റ്റിൽസ് ഗിരിശങ്കർ, പബ്ലിസിറ്റി ഡിസൈൻസ് ജിസൻ പോൾ



# കളങ്കാവൽ 5ന്

മമ്മൂട്ടി, വിനായകൻ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ജിതിൻ കെ. ജോസ് സംവിധാനം നിർവഹിച്ച കളങ്കാവലിലെ പുത്തൻ ഗാനം പുറത്ത്. ഗാനത്തിന്റെ ലിറിക്ക് വീഡിയോ ആണ് റിലീസ് ചെയ്തിരിക്കുന്നത്. റെഡ്ബാക്ക് എന്ന ടൈറ്റിലോടെ പുറത്തു വന്നിരിക്കുന്ന ഗാനം രചിച്ച് ഈണം പകർന്നത് ചിത്രത്തിന്റെ സംവിധായകനായ ജിതിൻ കെ ജോസ് തന്നെയാണ്. അദ്യാൻ സയീദ് ആണ് ഗാനം ആലപിച്ചിരിക്കുന്നത്. ചിത്രത്തിന്റെ കഥാ പശ്ചാത്തലത്തിന്റെ ഭാഗമായ നിഗൂഢതയും രഹസ്യങ്ങളും ഉദ്വേഗവും എല്ലാം പ്രേക്ഷകരിലേക്ക് പകരുന്ന രീതിയിലാണ് ഈ ഇംഗ്ലീഷ് ഗാനം ഒരുക്കിയിരിക്കുന്നത്. ഡിസംബർ 5 നാണ് ചിത്രം ആഗോള റിലീസായി എത്തുന്നത്. മമ്മൂട്ടി കമ്പനി നിർമ്മിക്കുന്ന ഈ ചിത്രം വേഫറർ ഫിലിംസ് ആണ് കേരളത്തിൽ വിതരണം ചെയ്യുന്നത്. ജിഷ്ണു ശ്രീകുമാറും ജിതിൻ കെ ജോസും ചേർന്ന് തിരക്കഥ രചിച്ച കളങ്കാവൽ, മമ്മൂട്ടി കമ്പനിയുടെ ബാനറിൽ നിർമ്മിക്കുന്ന ഏഴാമത്തെ ചിത്രം കൂടിയാണ്. നേരത്തെ ചിത്രത്തിലെ ഗാനങ്ങൾ എല്ലാം തന്നെ സ്പോട്ടിഫൈ പ്ലാറ്റ്ഫോമിലൂടെ ഓഡിയോ ജൂക്ബോക്സ് ആയി പുറത്തു വന്നിരുന്നു. മുജീബ് മജീദ് സംഗീതം ഗാനങ്ങൾക്ക് ഗംഭീര പ്രേക്ഷക പ്രതികരണമാണ് ലഭിച്ചിരിക്കുന്നത്.




ചിത്രത്തിലെ റെട്രോ തമിഴ് ശൈലിയിൽ ഒരുക്കിയ ഗാനങ്ങൾ ഇതിനോടകം തന്നെ സമൂഹ മാധ്യമങ്ങളിൽ ചർച്ചയായിട്ടുമുണ്ട്. ക്രൈം ഡ്രാമ ത്രില്ലർ ആയൊരുക്കിയ ചിത്രത്തിന്റെ കഥ പശ്ചാത്തലവുമായി ഏറെ ബന്ധപെട്ടു കിടക്കുന്ന രീതിയിലാണ് ഈ ഗാനങ്ങൾ ഒരുക്കിയിരിക്കുന്നതെന്ന റിപ്പോർട്ടുകളാണ് വരുന്നത്. ദുൽഖർ സൽമാൻ നായകനായെത്തിയ സൂപ്പർഹിറ്റ് ചിത്രം കുറുപ്പ്ന്റെ കഥ ഒരുക്കി ശ്രദ്ധ നേടിയ ജിതിൻ കെ ജോസ് ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രമാണ് കളങ്കാവൽ. പ്രേക്ഷകർ ഏറെ ആവേശത്തോടെ കാത്തിരിക്കുന്ന ഈ ചിത്രത്തിന്റെ ടീസർ, ട്രെയ്‌ലർ എന്നിവയെല്ലാം വമ്പൻ പ്രേക്ഷക ശ്രദ്ധയാണ് നേടിയത്.

ഇത് കൂടാതെ ചിത്രത്തിന്റെ ആദ്യ മേക്കിങ് വീഡിയോ, നടൻ വിനായകന്റെ അഭിമുഖം എന്നിവയും മമ്മൂട്ടി കമ്പനിയുടെ യൂട്യൂബ് ചാനലിലൂടെ പുറത്തു വന്നിരുന്നു. മുജീബ് മജീദ് ഈണം നൽകിയ, ചിത്രത്തിലെ 'നിലാ കായും' എന്ന വരികളോടെ ആരംഭിക്കുന്ന ഗാനത്തിന്റെ ലിറിക്കൽ വീഡിയോയും നേരത്തെ റിലീസ് ചെയ്തിരുന്നു . എട്ട് മാസത്തെ ഇടവേളക്ക് ശേഷം തീയേറ്ററുകളിൽ എത്തുന്ന മമ്മൂട്ടി ചിത്രമെന്ന നിലയിൽ വലിയ ആകാംഷയോടെയും ആവേശത്തോടെയുമാണ് മമ്മൂട്ടി ആരാധകരും മലയാള സിനിമാ പ്രേമികളും കളങ്കാവൽ കാത്തിരിക്കുന്നത്. സെൻസറിങ് പൂർത്തിയാക്കിയ ചിത്രത്തിന് ഡ/അ 16+ സർട്ടിഫിക്കറ്റ് ആണ് ലഭിച്ചത്. മമ്മൂട്ടി, വിനായകൻ എന്നിവരുടെ പ്രകടനമാണ് ചിത്രത്തിന്റെ ഹൈലൈറ്റ് എന്നാണ് സൂചന.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ജോർജ് സെബാസ്റ്റ്യൻ, ഛായാഗ്രഹണം ഫൈസൽ അലി, സംഗീതം മുജീബ് മജീദ്, എഡിറ്റർ പ്രവീൺ പ്രഭാകർ, ലൈൻ പ്രൊഡ്യൂസർ സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ അരോമ മോഹൻ, പ്രൊഡക്ഷൻ ഡിസൈനർ ഷാജി നടുവിൽ, ഫൈനൽ മിക്സ് എം ആർ രാജാകൃഷ്ണൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ ബോസ്, മേക്കപ്പ് അമൽ ചന്ദ്രൻ, ജോർജ് സെബാസ്റ്റ്യൻ, വസ്ത്രാലങ്കാരം അഭിജിത്ത് സി, വരികൾ വിനായക് ശശികുമാർ, ഹരിത ഹരി ബാബു, കളറിസ്റ്റ് ലിജു പ്രഭാകർ, സംഘട്ടനം ആക്ഷൻ സന്തോഷ്, സൗണ്ട് ഡിസൈൻ കിഷൻ മോഹൻ, വിഎഫ്എക്സ് സൂപ്പർവൈസർ എസ് സന്തോഷ് രാജു, വിഎഫ്എക്സ് കോഓർഡിനേറ്റർ ഡിക്സൻ പി ജോ, വിഎഫ്എക്സ് വിശ്വ എഫ് എക്സ്, സിങ്ക് സൗണ്ട് സപ്ത റെക്കോർഡ്സ്, സ്റ്റിൽസ് നിദാദ്, ടൈറ്റിൽ ഡിസൈൻ ആഷിഫ് സലീം, പബ്ലിസിറ്റി ഡിസൈൻസ് ആന്റണി സ്റ്റീഫൻ, ആഷിഫ് സലീം, ഡിജിറ്റൽ മാർക്കറ്റിംഗ് വിഷ്ണു സുഗതൻ, പിആർഓ വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, ഓവർസീസ് ഡിസ്ട്രിബ്യൂഷൻ പാർട്ണർ ട്രൂത് ഗ്ലോബൽ ഫിലിംസ്.




# കേരള ബാങ്ക് ആറാം വാർഷികം ആഘോഷിച്ചു

**തിരുവനന്തപുരം:** കേരള ബാങ്ക് രൂപീകരണത്തിന്റെ ആറാം വാർഷികം സംസ്ഥാനമൊട്ടാകെ വിവിധ പരിപാടികളോടെ ആഘോഷിച്ചു. കോഴിക്കോട് റീജണൽ ഓഫീസിൽ ബാങ്ക് പ്രസിഡന്റ് പി. മോഹനൻ പതാക ഉയർത്തി.

തിരുവനന്തപുരത്ത് ഹെഡ് ഓഫീസിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം. ചാക്കോ പതാക ഉയർത്തി. സംസ്ഥാനത്ത് ബാങ്കിന്റെ ഏഴ് റീജണൽ ഓഫീസുകളിലും 14 സിപിസികളിലും ശാഖകളിലും പതാക ഉയർത്തലും മധുരപലഹാര വിതരണവും സംഘടിപ്പിച്ചു.

വാർഷികാഘോഷത്തിന്റെ ഭാഗമായി ശാഖകളിൽ ഇടപാടുകാരുടെ സംഗമം നടന്നു. 2019 നവംബർ 29ന് ആരംഭിച്ച കേരള ബാങ്കിന്റെ മൊത്തം ബിസിനസ് നിലവിൽ 1.25 ലക്ഷം കോടി രൂപയിലേക്ക് അടുക്കുകയാണ്. 50,000 കോടി രൂപയുടെ വായ്പാ ബാക്കിനിൽപ്പ് കൈവരിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാന സഹകരണ ബാങ്കും, കേരളത്തിൽ ഈ നേട്ടം കൈവരിച്ച അഞ്ച് ബാങ്കുകളിലൊന്നും കേരള ബാങ്കാണ്.

ശാഖകളുടെ എണ്ണത്തിൽ സംസ്ഥാനത്തെ രണ്ടാമത്തെ ബാങ്ക് ആയ കേരള ബാങ്ക് വയനാട് പ്രകൃതിദുരന്തബാധിതരായ മുണ്ടക്കൈ, ചൂരൽമല പ്രദേശവാസികളുടെ 3.86 കോടി രൂപയുടെ വായ്പ എഴുതിത്തള്ളിയിരുന്നു.

സഹകരണ ബാങ്കിംഗ് മേഖലയിൽ ഏഷ്യയിൽ ഒന്നാം സ്ഥാനത്തുള്ള കേരള ബാങ്ക് ആർബിഐ നിയന്ത്രണത്തിൽ എല്ലാവിധ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും നൽകിവരുന്നു.

2025 ഒക്ടോബർ 31ന് അവസാനിച്ച നൂറുദിന സ്വർണപ്പണയ കാമ്പയിൻ വഴി സ്വർണപ്പണയ വായ്പയിൽ 2071 കോടി രൂപയുടെ വർധനയാണ് ഉണ്ടായത്.




# യുഎഇയിലെ കർഷകർക്ക് ലുലുവിന്റെ ആദരം

**അബുദാബി:** യുഎഇയുടെ 54-ാം ദേശീയ ദിനാഘോഷങ്ങളുടെ ഭാഗമായി യുഎഇയിലെ പ്രാദേശിക കർഷകർക്കും കാർഷിക ഉത്പന്നങ്ങൾക്കും മികച്ച പിന്തുണയുമായി ലുലു ഹൈപ്പർമാർക്കറ്റ്. അബുദാബി ഹോൾഡിംഗ് കമ്പനി പിജെഎസ്സിയുടെ ബോർഡ് ഡയറക്റ്ററും ചെയർമാനുമായ ഷെയ്ഖ് മുഹമ്മദ് ബിൻ നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ, യുഎഇ റെസ്ലിങ്ങ് ഫെഡറേഷൻ സെക്രട്ടറി ജനറൽ ഷെയ്ഖ് ഹംദാൻ ബിൻ സയീദ് ബിൻ തഹ്നൂൻ അൽ നഹ്യാൻ, വ്യവസായ നൂതന സാങ്കേതിക മന്ത്രാലയം അണ്ടർസെക്രട്ടറി ഹസൻ ജാസിം അൽ നൊവൈസ്, ഒമർ സുവൈന അൽ സുവൈദി, കാലാവസ്ഥാ വ്യതിയാന പരിസ്ഥിതി മന്ത്രാലയം അസിസ്റ്റന്റ് അണ്ടർസെക്രട്ടറി ഡോ. മുഹമ്മദ് സൽമാൻ അൽ ഹമ്മദി, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് തുടക്കം കുറിച്ചത്. യുഎഇയിലെ പ്രാദേശിക ഉത്പന്നങ്ങൾക്ക് കൂടുതൽ പിന്തുണ നൽകി രാജ്യത്തിൻ്റെ പ്രാദേശിക വികസനത്തിന് പിന്തുണയേകുന്നതാണ് പദ്ധതി. പ്രാദേശിക ഉത്പന്നങ്ങളുടെയും കാർഷിക വിളകളുടെയും വിപുലമായ പ്രദർശനമാണ് ലുലു സ്റ്റോറുകളിൽ ഒരുക്കിയിരിക്കുന്നത്. യുഎഇ ഉത്പന്നങ്ങൾക്ക് മികച്ച ഓഫറുകളും ലഭ്യമാക്കിയിട്ടുണ്ട്. യുഎഇയുടെ കാർഷിക മേഖലയുടെ വികസനത്തിനും സ്വയംപര്യാപ്തയ്ക്കും പിന്തുണ നൽകുകയാണ് എന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി വ്യക്തമാക്കി. യുഎഇയിലെ കർഷകർക്ക് മികച്ച പിന്തുണയാണ് ലുലു നൽകി വരുന്നതെന്നും അദേഹം കൂട്ടിചേർത്തു.

യുഎഇയിലെ പ്രാദേശിക ഉത്പന്നങ്ങൾ കൂടുതൽ സംഭരിക്കുന്നതിന്റെ ഭാഗമായി സിലാലുമായും മുസ്തദാമ ഫാമുമായും ലുലു ധാരണാപത്രം ഒപ്പുവച്ചു. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിയുടെ സാന്നിധ്യത്തിൽ സിലാൽ ഫുഡ് സെക്യൂരിറ്റി സിഇഒ ഹുമൈദ് അഹമ്മദ് അൽ റുമൈതി, ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്റ്റർ അഷറഫ് അലി എം.എ എന്നിവർ സിലാലുമായുള്ള ധാരണാപത്രവും മുസ്തദാമ ഫാംസ് സി.ഇ.ഒ റാഷെദ് അൽസാബി ലുലു ഗ്ലോബൽ ഓപ്പറേഷൻസ് ഡയറക്റ്റർ സലിം എം.എ എന്നിവർ മുസ്തദാമ ഫാംസുമായുള്ള ധാരണാപത്രത്തിലും ഒപ്പുവച്ചു. ചടങ്ങിൽ യുഎഇയിലെ കർഷകരെ പ്രത്യേകം ആദരിച്ചു.

സ്പേസസ് ഇൻവെസ്റ്റ്മെൻറ് ചെയർമാൻ ഫാഹെദ് അൽബ്ലൂഷി, എക്സ്പോണൻഷ്യൽ ഇൻവെസ്റ്റ്മെൻറ് ചെയർമാൻ സയീദ് അൽസാബി, ലുലു സിഇഒ സെയ്ഫി രൂപാവാല, ലുലു ഗ്രൂപ്പ് ചീഫ് ഓപ്പറേറ്റിങ്ങ് ആൻഡ് സ്ട്രാറ്റജി ഓഫീസർ സലിം വി.ഐ, ലുലു ഗ്ലോബൽ ഓപ്പറേഷൻസ് ഡയറക്റ്റർ വി നന്ദകുമാർ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

# രക്തദാന ക്യാമ്പുമായി എച്ച്.ഡി.എഫ്.സി

**കൊച്ചി:** എച്ച്.ഡി.എഫ്.സി. ബാങ്ക് സി.എസ്.ആർ. സംരംഭമായ പരിവർത്തന്റെ കീഴിൽ രാജ്യവ്യാപകമായി രക്തദാന യജ്ഞത്തിന്റെ 17ാമത് പതിപ്പ് സംഘടിപ്പിക്കും. ഡിസംബർ 5ന് രാവിലെ 9:30 മുതൽ വൈകുന്നേരം 5:30 വരെ ഇന്ത്യയിലെ 1,100 ലധികം നഗരങ്ങളിൽ വച്ചാണ് ക്യാമ്പ് നടത്തുന്നത്. എച്ച്.ഡി.എഫ്.സി. ബാങ്ക് ജീവനക്കാർ, ഉപഭോക്താക്കൾ, കോർപ്പറേറ്റുകൾ, പ്രതിരോധ സേനാംഗങ്ങൾ, വിദ്യാർത്ഥികൾ, സമൂഹാംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് ആ സംരംഭമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.

# സാംസംഗ് ദോസ്ത്: 9,400 യുവാക്കൾക്ക് പരിശീലനം നൽകും

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസംഗ് പിന്നാക്ക വിഭാഗങ്ങളിലുള്ള 9,400 യുവാക്കളെ റീട്ടെയിൽ സെയിൽസ് മേഖലയിൽ പരിശീലിപ്പിക്കുന്നതിനായി ഡിജിറ്റൽ ആൻഡ് ഓഫ്‌ലൈൻ സ്കിൽസ് ട്രെയിനിംഗ് ( ദോസ്ത് ) സെയിൽസ് പരിപാടി വിപുലീകരിക്കുന്നു.

2021ൽ ആരംഭിച്ച ദോസ്ത് സെയിൽസ് പരിപാടി ഇലക്ട്രോണിക്സ് സെക്ടർ സ്കിൽസ് കൗൺസിൽ ഓഫ് ഇന്ത്യ (ഇഎസ്എസ്സിഐ), ടെലികോം സെക്ടർ സ്കിൽസ് കൗൺസിൽ (ടിഎസ്എസ്സി) എന്നിവരുമായി ചേർന്നാണ് വിപുലമാക്കുന്നത്.

ഓരോ ട്രെയിനിക്കും 120 മണിക്കൂർ ഓൺലൈൻ ക്ലാസ് പരിശീലനവും സാംസംഗ് റീട്ടെയിൽ സെയിൽസ് ടീമിന്റെ 60 മണിക്കൂർ സ്പെഷലൈസ്ഡ് പരിശീലനവും നൽകും.

# കൂടുതൽ നിയമനങ്ങൾക്ക് ടാറ്റ ഇലക്ട്രോണിക്സ്

**മുംബൈ:** ടാറ്റ ഇലക്ട്രോണിക്സ് അടുത്ത ആറ് മാസത്തിനുള്ളിൽ ഇന്ത്യയിലെ ഫോക്സ്കോണിന്റെ ജീവനക്കാരുടെ എണ്ണത്തിനു തുല്യമാക്കിയേക്കും.

നിലവിൽ 60,000 പേരുള്ള ഹൊസൂർ പ്ലാന്റിലെ ജീവനക്കാരുടെ എണ്ണം 75,000 ആയി ഉയർത്തും. ആപ്പിളിന്റെ അതിവേഗ വളർച്ച കാരണം ഇലക്ട്രോണിക് നിർമാണ സേവനങ്ങളിൽ ലഭിക്കുന്ന മുൻതൂക്കമാണ് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പ്രധാന കാരണം.

ഒക്ടോബർ എട്ടിന് ഇക്കണോമിക് ടൈംസ് പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ ആറ് മാസങ്ങളിൽ ആപ്പിളിന്റെ ഐഫോൺ കയറ്റുമതി 10 ബില്യൺ ഡോളറിലെത്തി. മുൻ വർഷം ഇതേ കാലയളവിലെ 5.71 ബില്യൺ ഡോളറിൽനിന്ന് 75 ശതമാനത്തിന്റെ വളർച്ചയാണിത്. ആപ്പിളിൽനിന്നുള്ള ആവശ്യകത നിറവേറ്റുന്നതിനായി ടാറ്റ ഇലക്ട്രോണിക്സ് അതിവേഗം മുന്നോട്ട് പോകുകയാണെന്ന് ഇതുമായി ബന്ധപ്പെട്ടയാൾ പറഞ്ഞു.

ഇന്ത്യയുടെ ഇലക്ട്രോണിക്സ്, സെമികണ്ടക്ടർ നിർമാണ മേഖലയിൽ കമ്പനിയുടെ വർധിച്ചുവരുന്ന പ്രാധാന്യം എടുത്തുകാണിച്ചുകൊണ്ട് മാതൃകമ്പനിയുടെ സാമ്പത്തിക കാര്യങ്ങളിൽ വലിയ സംഭാവന നല്കുന്ന സ്ഥാപനമായി ടാറ്റ ഇലക്ട്രോണിക്സ് വളർന്നിരിക്കുന്നു.

ടാറ്റ സൺസിന്റെ വാർഷിക റിപ്പോർട്ട് പ്രകാരം ടാറ്റ ഇലക്ട്രോണിക്സ് 2025 സാമ്പത്തിക വർഷം 66,601 കോടി രൂപയുടെ വരുമാനം രേഖപ്പെടുത്തി. ഇത് കഴിഞ്ഞ വർഷത്തെ 3752 കോടിയേക്കാൾ വലിയ വർധനയാണ്.

# കടപ്പത്ര സമാഹരണവുമായി കെഎൽഎം ആക്സിവ

**കൊച്ചി:** കെഎൽഎം ആക്സിവ ഫിൻവെസ്റ്റിൽ 5000 രൂപയിൽ ആരംഭിക്കുന്ന 1000 രൂപ മുഖവിലയുള്ള കടപ്പത്രങ്ങളുടെ പതിമൂന്നാമത് പബ്ലിക് ഇഷ്യൂ ആരംഭിച്ചു. 100 കോടി രൂപ സമാഹരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച എൻസിഡി ഇഷ്യു ഡിസംബർ 12ന് അവസാനിക്കും.

ഡീമാറ്റ്, ബാങ്ക് അക്കൗണ്ടുകൾ, ഓൺലൈൻ ബാങ്കിംഗ്, യുപിഐ എന്നിവയിലൂടെ കടപ്പത്രത്തിൽ നിക്ഷേപം നടത്താം. രാജ്യത്തുടനീളമുള്ള ശാഖകളിലും നിക്ഷേപസൗകര്യമുണ്ട്. 9.5 ശതമാനം മുതൽ 11 ശതമാനം വരെ പലിശ ലഭിക്കുന്ന 10 വ്യത്യസ്ത ഓപ്ഷനുകളാണ് ലഭ്യമാക്കിയിരിക്കുന്നത്.

കടപ്പത്രങ്ങളിലൂടെ സമാഹരിക്കുന്ന മുഴുവൻ തുകയും സ്വർണപ്പണയ വിപുലീകരണങ്ങൾക്കു വിനിയോഗിക്കുമെന്ന് ചെയർമാൻ ടി.പി. ശ്രീനിവാസൻ പറഞ്ഞു.

# സ്വത്ത് പിന്തുടർച്ചാസൂത്രണം പ്രധാനമെന്ന് സക്സഷൻ പ്ലാനിംഗ് കോൺക്ലേവ്

**കൊച്ചി:** വ്യക്തികളുടെയും കുടുംബങ്ങളുടെയും ബിസിനസ് ഉടമകളുടെയും സ്വത്ത് സംരക്ഷണത്തിന് സ്വത്ത് പിന്തുടർച്ചാസൂത്രണം വളരെ പ്രധാനപ്പെട്ടതാണെന്നും അതിനെ ഗൗരവത്തോടെ കാണണമെന്നും കൊച്ചിയിൽ സംഘടിപ്പിച്ച സക്സഷൻ പ്ലാനിംഗ് കോൺക്ലേവ് അഭിപ്രായപ്പെട്ടു. ഇത്തരം സഹായങ്ങൾ നൽകുന്നതിനായി ബിസിനസ് കൺസൾട്ടൻസി സ്ഥാപനമായ കാപ്പിറ്റെയർ, ട്രൂ ലെഗസി എന്ന പേരിൽ പുതിയ പിന്തുടർച്ചാസൂത്രണത്തിന് മാത്രമായുള്ള വിഭാഗത്തെ അവതരിപ്പിച്ചു. ഈ മേഖലയിൽ ഉപദേശങ്ങൾ, സഹായങ്ങൾ നൽകുന്നതിനായുള്ള ആദ്യ കമ്പനി കൂടിയാണ് ട്രൂ ലെഗസിയെന്ന് കാപ്പിറ്റെയർ സ്ഥാപകൻ ശ്രീജിത്ത് കുനിയിൽ പറഞ്ഞു.

ഇന്ത്യയിൽ 2 ലക്ഷം കോടിയിലധികം വരുന്ന ബാങ്ക് നിക്ഷേപങ്ങൾ, ഇൻഷുറൻസ് തുക, മറ്റ് നിക്ഷേപങ്ങൾ എന്നിവ ശരിയായ ആസൂത്രണം ഇല്ലാത്തതുകൊണ്ട് അവകാശികളില്ലാതെ കിടക്കുന്നു. ഈ മേഖലയിലെ അജ്ഞതയും പ്രൊഫഷണൽ ഉപദേശകരുടെ അഭാവവുമാണ് കാപ്പിറ്റെയറിനെ ട്രൂ ലെഗസി എന്ന സംരംഭം ആരംഭിക്കാൻ പ്രേരിപ്പിച്ചത്. സുപ്രധാനമായ ഈ വിഷയത്തെ പലരും നികുതി ബാധ്യതകളെയും നിയമപരമായ പാലനങ്ങളെയും സമീപിക്കുന്ന ഗൗരവത്തോടെ കാണുന്നില്ലെന്നും ശ്രീജിത്ത് കുനിയിൽ പറഞ്ഞു.

പ്ലാൻ ഇല്ലെങ്കിൽ, അനന്തരാവകാശ നിയമങ്ങൾ അനുസരിച്ച് സർക്കാർ ഓരോരുത്തരുടെയും പിന്തുടർച്ചാവകാശികളെ തീരുമാനിക്കും. മലയാളികൾ ഇതിനെ അർഹിക്കുന്ന ഗൗരവത്തിൽ കാണേണ്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ശരിയായ പിന്തുടർച്ചാവകാശ ആസൂത്രണത്തിന്റെ അഭാവത്തിൽ നോമിനിയെ വെച്ചതുകൊണ്ട് മാത്രം നിയമപരമായ അവകാശി ആകണമെന്നില്ല. അയാൾ അതിന്റെ നടത്തിപ്പുകാരൻ മാത്രമായിരിക്കും. വ്യക്തവും സുതാര്യവുമായ പിന്തുടർച്ചാസൂത്രണ പരിഹാരങ്ങൾ നൽകുന്നതിൽ 'ട്രൂ ലെഗസി' പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ആസ്തികൾ സംരക്ഷിക്കുന്നതിൽ പിന്തുടർച്ചാവകാശ ആസൂത്രണത്തിന്റെ പ്രാധാന്യം വലുതാണെന്ന് ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ അഭിപ്രായപ്പെട്ടു.

ബിസിനസ് ഉടമകൾ നേരത്തെ തന്നെ പ്ലാനുകൾ തയ്യാറാക്കുകയും അടുത്ത തലമുറയെ ബിസിനസ് തീരുമാനങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുകയും ചെയ്യണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എ.ബി.സി ഗ്രൂപ്പിലെ മുഹമ്മദ് മദനി കെ, സാമ്പത്തിക ഉപദേശകൻ നിഖിൽ ഗോപാലകൃഷ്ണൻ, സംരംഭക വിനോദിനി സുകുമാർ, വ്യവസായി ഹംദാൻ അൽ ഹസ്സാനി തുടങ്ങി നിരവധി പ്രമുഖ വ്യവസായ നേതാക്കളും വിദഗ്ദ്ധരും കോൺക്ലേവിൽ പങ്കെടുത്തു. ചടങ്ങിൽ വെച്ച് ശ്രീജിത്ത് കുന്നിയിലിന്റെ 'എ ജേർണി ഓഫ് ആൻ എന്റർപ്രണർ' എന്ന പുസ്തകവും പ്രകാശനം ചെയ്തു.



# സാന്താറൺ കൊച്ചി: ജേഴ്സി പ്രകാശനം ചെയതു

**കൊച്ചി:** റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ നൈറ്റ്സ് സാന്താ റണ്ണിന്റെ ജേഴ്സി ചലച്ചിത്ര താരവും താര സംഘടനയായ അമ്മയുടെ പ്രസിഡന്റുമായ ശ്വേതാ മേനോൻ പ്രകാശനം ചെയ്തു. റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ നൈറ്റ്സ് പ്രസിഡന്റ് വിജു എബ്രഹാം, സെക്രട്ടറി അലക്സ് വിറ്റി തോമസ്, രഞ്ജിത്ത് വാര്യർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഡിസംബർ 7ന് പുലർച്ചെ അഞ്ച് മണിക്കാണ് ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടിയിൽ സാന്താ റൺ നടക്കുക. ഓട്ടിസത്തെ കുറിച്ചുള്ള ബോധവത്ക്കരണം ലക്ഷ്യമിട്ടാണ് റോട്ടറി കൊച്ചിൻ നൈറ്റ്സ് ട്രസ്റ്റ് സാന്താ റൺ സംഘടിപ്പിക്കുന്നത്.

ആറു വർഷത്തിനിടെ ഓട്ടിസം ബാധിച്ച കുട്ടികൾക്കായി രണ്ട് സെൻസറി പാർക്കുകൾ സജ്ജമാക്കുകയും അവരുടെ ക്ഷേമത്തിനായി വീട് നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയകൾ നടത്തിക്കൊടുക്കുന്നത് കൂടാതെ ഓട്ടിസം ബാധിച്ച കുട്ടികളുടെ ജീവിത നിലവാരം ഉയർത്താൻ ലക്ഷ്യമിട്ട നിരവധി പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടുണ്ട്.

# റീജിയണൽ ഇൻവെസ്റ്റർ സെമിനാർ സംഘടിപ്പിച്ച് എൻ.എസ്.ഇ

**കൊച്ചി:** സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയും(സെബി) നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യയും (എൻ.എസ്.ഇ.) ചേർന്ന് റീജിയണൽ നിക്ഷേപ അവബോധ സെമിനാർ സംഘടിപ്പിച്ചു. പുതുച്ചേരിയിൽ സംഘടിപ്പിച്ച സെമിനാർ രാജ്യത്തുടനീളം ധനകാര്യ സാക്ഷരത, നിക്ഷേപക അവബോധം, നിക്ഷേപക സംരക്ഷണം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭത്തിന്റെ ഭാഗമാണ്.

നിക്ഷേപകർ, വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ തുടങ്ങി വൈവിധ്യമാർന്ന പ്രേക്ഷകർ പങ്കെടുത്തു. സെബി ചെയർമാൻ തുഹിൻ കാന്ത പാണ്ഡെ സെമിനാർ ഉദ്ഘാടനം ചെയ്തു. നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി സുതാര്യവും ശക്തവുമായ നിയന്ത്രണ ചട്ടക്കൂട് സൃഷ്ടിക്കുന്നതിനുള്ള സെബിയുടെ പ്രതിബദ്ധത അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യയിലെ നിക്ഷേപക അടിത്തറയിൽ ഗണ്യമായ വളർച്ചയുണ്ടായിട്ടുണ്ടെന്നും നിലവിൽ ഇത് 12.2 കോടി രജിസ്റ്റർ ചെയ്ത നിക്ഷേപകരാണെന്നും എൻ.എസ്.ഇ. എം.ഡി.യും സി.ഇ.ഒ.യുമായ ആശിഷ്കുമാർ ചൗഹാൻ പറഞ്ഞു. ഒക്ടോബർ 31 വരെ 14,487 നിക്ഷേപക അവബോധ പരിപാടികൾ നടത്തുകയും ഏകദേശം 7.8 ലക്ഷം നിക്ഷേപകർ എത്തിച്ചേരുകയും ചെയ്തതായി അദ്ദേഹം അറിയിച്ചു.

# സിൽക്ക് ഇന്ത്യ പ്രദർശനം തൃശൂരിൽ

**തൃശൂർ:** ഇന്ത്യയൊട്ടുക്കുമുള്ള സിൽക്കുൽപ്പാദകരെയും, പട്ടുസാരി നെയ്ത്തുകാരെയും, സഹകരണ സ്ഥാപനങ്ങളെയും അണിനിരത്തിക്കൊണ്ട് അഭിവൃദ്ധി സംഘടിപ്പിക്കുന്ന സിൽക്ക് ഫെസ്റ്റിവൽ 'സിൽക്ക് ഇന്ത്യ 2025' തൃശൂർ ടി ബി റോഡിലുള്ള ഹോട്ടൽ കാസിനോയിൽ പ്രദർശനം ആരംഭിച്ചു. സിൽക്ക് നിർമ്മാതാക്കൾ, സിൽക്ക് സാരി നെയ്ത്തുകാർ, കൈത്തറി ക്ലസ്റ്ററുകൾ, സിൽക്ക് സഹകരണ സംഘങ്ങൾ എന്നിവരൊരുക്കുന്ന പുതിയ ഉത്സവവിവാഹ ശേഖരങ്ങളാണ് വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന അമ്പതിലധികം സ്റ്റാളുകളിലായുള്ളത്.

കാലാവസ്ഥാപരവും, ഭൂമിശാസ്ത്രപരവുമായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന പട്ടുകളിൽ പ്രമുഖമായവ ടസ്സർ, എറി, മൾബറി, മുഗാ എന്നിവയാണ്. ബീഹാർ, ആസ്സാം, ഛത്തീസ്ഗഡ് എന്നീ മൂന്ന് സംസ്ഥാനങ്ങളിലാണ് ടസ്സർ, മുഗാ എന്നിവ ഉൽപ്പാദിപ്പിക്കുന്നതെന്ന്അഭിവൃധിയുടെ ചീഫ് കോർഡിനേറ്റർ ടി. അഭിനന്ദ് പറഞ്ഞു. ബീഹാറിൽ നിന്നുള്ള ഓർഗാനിക് ടസാർ സിൽക്ക് സാരികൾ, സ്യൂട്ട് ആന്റ് സ്റ്റോളുകൾ, കർണാടകയിൽ നിന്നുള്ള ക്രേപ് സിൽക്ക്, ജോർജറ്റ് സിൽക്ക്, അരിനി സിൽക്ക്, പ്രിന്റഡ് സാരികൾ, തമിഴ്നാട്ടിൽ നിന്നുള്ള കാഞ്ജീവരം സിൽക്ക് സാരികൾ, ഡിസൈനർ ഫാൻസി സാരികൾ, ആന്ധ്രാപ്രദേശിൽ നിന്നുള്ള ധർമ്മവര, ഉപ്പട, ഗദ്വാൾ, മംഗളഗിരി , പോച്ചമ്പള്ളി സാരികൾ, ഉത്തർപ്രദേശിൽ നിന്നുള്ള ലഖ്നവി ചിക്കൻ വർക്ക് സാരി, മൾബറി സിൽക്ക്, ജംദാനി, ജമവാർ സിൽക്ക് ആന്റ് ഷിഫോൺ സിൽക്ക്, മഹാരാഷ്ട്രയിൽ നിന്നുള്ള പൈതാനി സാരീസ്, പഞ്ചാബിൽ നിന്നുള്ള പട്യാല ഡ്രസ് മെറ്റീരിയലുകൾ, ഒറീസയിൽ നിന്നുള്ള സംബൽപുരി, ഇക്കത്ത് സാരികൾ, എക്സ്ക്ലൂസീവ് റോ സിൽക്ക് സാരികൾ, മധ്യപ്രദേശിൽ നിന്നുള്ള മഹേശ്വരി, ചന്ദേരി സിൽക്ക് സാരികൾ, സ്യൂട്ടുകൾ, വെസ്റ്റ് ബംഗാളിൽ നിന്നുള്ള ബലൂചാരി, കാന്ത സാരീസ്, സർദോസി വർക്കുകൾ, അസമിൽ നിന്നുള്ള മുഗ, എറി സിൽക്ക് സാരികൾ, ജമ്മു കശ്മീരിൽ നിന്നുള്ള പ്രിന്റഡ് സാരികൾ, പശ്മിന ഷാളുകൾ, രാജസ്ഥാനിൽ നിന്നുള്ള ഹാൻഡ് ബ്ലോക്ക് പ്രിന്റ് വസ്ത്രങ്ങൾ തുടങ്ങിയവ പ്രത്യേകം സ്റ്റാളുകളിലായി മേളയിലുണ്ട്. നിർമ്മാതാക്കൾ നേരിട്ടുള്ള വിൽപ്പനയായതിനാൽ ഉൽപ്പന്നങ്ങൾ വളരെ ന്യായമായ വിലയിൽ ലഭിക്കുമെന്ന് അഭിനന്ദ് പറഞ്ഞു.